## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4077 21.10.2016 ൽ മറുപടിയ്ക്ക്**

## ഓട്ടോറിക്ഷകളിൽ മീറ്റർ ബില്ലിംഗ് സംവിധാനം

| ചോദ്യം<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന എല്ലാ ഓട്ടോറിക്ഷകളിലും മീറ്റർ ബില്ലിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷകളിൽ ഫെയർ മീറ്റർ മാത്രമാണ് നിർബന്ധമാക്കിയിട്ടുള്ളത്. മീറ്റർ ബില്ലിംഗ് നിർബന്ധമാക്കിയിട്ടില്ല. |
| (ബി) | എങ്കിൽ പല ജില്ലകളിലും ഓട്ടോറിക്ഷകളിൽ മീറ്റർ ബില്ലിംഗ് സംവിധാനം ഇപ്പോഴുമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | വാടകയുടെ കാര്യത്തിൽ റിക്ഷാ ഡ്രൈവർമാരും യാത്രക്കാരും തമ്മിൽ പലപ്പോഴും ഉണ്ടാകുന്ന വാക്കുതർക്കങ്ങൾ ഒഴിവാക്കാൻ മീറ്റർ ബില്ലിംഗ് സംവിധാനം സഹായകരമാണെന്നിരിക്കെ, എല്ലാ ജില്ലകളിലും ഈ സംവിധാനം ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | മീറ്റർ ബില്ലിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) | മീറ്റർ ബില്ലിംഗ് സംവിധാനം ഉള്ള ജില്ലകളും ഇല്ലാത്ത ജില്ലകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ ഒരു ജില്ലയിലും മീറ്റർ ബില്ലിംഗ് നിർബന്ധമാക്കിയിട്ടില്ല. |
| (ഇ) | ഇതുവരെ മീറ്റർ ബില്ലിംഗ് സംവിധാനം ഇല്ലാത്ത ജില്ലകളിൽ ബില്ലിംഗ് ഏർപ്പെടുത്താനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ; തടസ്സങ്ങളുണ്ടെങ്കിൽ അവ നീക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തൊക്കെയെന്ന് അറിയിക്കുമോ? | (ഇ) | ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ